**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1961** | **04-10-2011 —ൽ മറുപടിക്ക്**

**വരവൂർ വ്യവസായ പാർക്ക്**

**ചോദ്യം**

ശ്രീ. കെ. രാധാകൃഷ്ണൻ

(എ) ചേലക്കര മണ്ഡലത്തിലെ നിർദ്ദിഷ്ട വരവൂർ വ്യവസായ പാർക്കിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) സമയബന്ധിതമായി ഒരു വർഷത്തിനുള്ളിൽത്തന്നെ വ്യവസായ പാർക്കിന്റെ പ്രവർത്തനമാരംഭിക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തുമോ ?

**മറുപടി**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി

(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

(എ) യും (ബി) യും

തൃശ്ശൂർ ചേലക്കര മണ്ഡലത്തിൽ വരവൂർ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി 8.285 ഹെക്ടർ സ്ഥലം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിയുടെ ഭാഗമായി 194/- ലക്ഷം രൂപ വ്യവസായ വാണിജ്യ വകുപ്പിൽ നിന്ന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ തലവനായി വില നിർണ്ണയ സമിതിയും നെഗോഷിയേഷൻ സമിതിയും രൂപീകരിച്ചിട്ടുണ്ട്. വസ്തുവിന്റെ പ്രമാണം രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുന്നതു സംബന്ധിച്ച വ്യവസായ വാണിജ്യ ഡയറക്ടറുടെ അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞാൽ മാത്രമേ വ്യവസായ പാർക്കിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ച് പ്രവർത്തന നടപടികൾ ത്വരിതപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ